## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3937 | 12.12.2018 ൽ മറുപടിയ്ക്ക് |
|---|---|
| **പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് കേരളത്തിൽ** | |
| ചോദ്യം | മറുപടി |
| **ശ്രീ. പി.ടി.എ.റഹീം** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് നടപ്പാക്കിയിട്ടുണ്ടോ? | എ) ഉണ്ട്. |
| ബി) ഇതനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) ഇതിനായി സംസ്ഥാനത്തൊട്ടാകെ 16 പ്രൊബേഷൻ ഓഫീസുകൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്നു. ഗ്രേഡ് I, ഗ്രേഡ് II ഓഫീസർമാരായി മൊത്തം 40 പ്രൊബേഷൻ ഓഫീസർ തസ്തികകൾ നിലവിലുണ്ട്. കോടതി നല്ലനടപ്പിൽ വിടുന്നവർക്ക് തൊഴിലില്ലെങ്കിൽ സ്വയം തൊഴിൽ തുടങ്ങാനുള്ള സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. പ്രൊബേഷനിൽ വിടുന്നവരെ പ്രൊബേഷൻ ഓഫീസർമാർ മുഖാന്തിരം മേൽനോട്ടം നടത്തി വരുന്നു. നല്ലനടപ്പിൽ ഉള്ളവർക്ക് കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശം, കുടുംബത്തിനാവശ്യമായ മന:ശാസ്ത്ര പിന്തുണ എന്നിവയും നൽകി വരുന്നു. |
| സി) ഇതിൽ പരിഗണിക്കപ്പെടുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിഷ്കർഷിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | സി) വധശിക്ഷയോ, ജീവപര്യന്തം തടവോ ശിക്ഷയായി നിഷ്കർഷിക്കാത്ത ഏത് കുറ്റകൃത്യം ചെയ്താലും ജില്ലാ പ്രൊബേഷൻ ഓഫീസറുടെ സാമൂഹ്യാന്വേഷണ റിപ്പോർട്ട് പ്രകാരം ന്യായാധിപന് നല്ലനടപ്പിൽ വിടാം. |
| ഡി) പ്രസ്തുത നിയമം വിചാരണ തടവുകാർക്ക് ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) കേന്ദ്രനിയമമായതിനാൽ കേരളത്തിൽ ഭേദഗതി ചെയ്യാൻ കഴിയില്ല. നിലവിലുള്ള നിയമപ്രകാരം കുറ്റക്കാരെന്ന് കണ്ടാൽ മാത്രമേ കോടതികൾക്ക് നല്ലനടപ്പിന് പരിഗണിക്കാൻ കഴിയൂ. |

| | |
|---|---|
| ഇ) ശിക്ഷിക്കപ്പെട്ടവർക്ക് ഇതിന്റെ ആനുകൂല്യം ബാധകമാക്കുമോ; വിശദമാക്കുമോ? | ഇ) കോടതിയാണ് ഒരാൾക്ക് പ്രൊബേഷൻ നൽകണോ ജയിൽ ശിക്ഷ നൽകണോ എന്ന് തീരുമാനിക്കുന്നത് ബന്ധപ്പെട്ട കോടതി ജില്ലാ പ്രൊബേഷൻ ഓഫീസറിൽ നിന്നും റിപ്പോർട്ട് വാങ്ങുകയും കുറ്റകൃത്യം ചെയ്തയാളെ സമൂഹത്തിൽ തന്നെ നിർത്തി ജില്ലാ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തോടെയോ, മേൽ നോട്ടമില്ലാതെയോ നല്ലനടപ്പിൽ വിടാൻ തീരുമാനിക്കുകയുമാണ് ചെയ്യുന്നത്.<br>ഉപാധിയോടെ ശിക്ഷയുടെ താൽക്കാലിക മാറ്റിവയ്ക്കൽ (conditional suspension of punishment) മാത്രമാണ് നല്ലനടപ്പ്. കോടതിയിൽ വയ്ക്കുന്ന ഉപാധികൾ തെറ്റിച്ചാൽ ആ വ്യക്തിയുടെ നല്ലനടപ്പ് റദ്ദാക്കി ശിക്ഷ നൽകാവുന്നതാണ്. ഒരിക്കൽ ജയിൽ ശിക്ഷാ/ മറ്റേതെങ്കിലും ശിക്ഷ നൽകിത്തുടങ്ങിയാൽ പിന്നീട് പ്രൊബേഷൻ നിയമപ്രകാരമുള്ള നല്ലനടപ്പ് നൽകാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ